**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3011** **25-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് കെട്ടിട വിഭാഗം മെയിന്റനൻസ് സബ്ഡിവിഷൻ തിരുവനന്തപുരം ആഫീസിലെ ധനകാര്യ വിഭാഗം പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2018 ഏപ്രിൽ-മെയ് മാസങ്ങളിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മെയിന്റനൻസ് സബ്ഡിവിഷൻ തിരുവനന്തപുരം ആഫീസിൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വീഴ്ചകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | 1) കഴക്കൂട്ടം വനിത ഐ.ടി.ഐ.-യിലെ ടോയിലറ്റിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ചെയ്യാത്ത പ്രവർത്തികൾ ചെയ്തതായി വരുത്തി രേഖകൾ ചമച്ച് സർക്കാരിനെ കബളിപ്പിച്ച് 2,18,845/- (രണ്ട് ലക്ഷത്തി പതിനെട്ടായിരത്തി എണ്ണൂറ്റി നാല്പത്തി അഞ്ച് രൂപ മാത്രം) രൂപ മാറി എടുത്തു. 2) പി.ഡബ്ല്യു.ഡി. മാന്വൽ ഖണ്ഡിക 2013, 2013.1, 11.02.2011 ലെ 11/2011/ധന നമ്പർ സർക്കുലർ എന്നിവയിലെ നിർദ്ദേശങ്ങൾ അവഗണിച്ചു കൊണ്ട് അടിയന്തിര പ്രാധാന്യമില്ലാത്ത കോടിക്കണക്കിനു രൂപയുടെ പ്രവർത്തികൾ വേവിങ് ഓഫ് ടെൻഡർ കോൾ പ്രകാരം ചെയ്തിരിക്കുന്നതായി കണ്ടെത്തി. 2011-2012 സാമ്പത്തിക വർഷം മുതൽ ടെൻഡർ നടപടികൾ പാലിക്കാതെ വേവിങ് ഓഫ് ടെൻഡർ കോൾ പ്രകാരം 21,09,87,089/- രൂപയുടെ പ്രവർത്തികൾ നടപ്പിലാക്കി. 3) കേരള പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2014 –നു വിരുദ്ധമായി ഉദ്യോഗസ്ഥരുടെ അധികാര പരിധിക്കുള്ളിൽ നിർത്തുന്നതിനു വേണ്ടി പ്രവർത്തികൾ വിഭജിച്ചു നൽകി. 4)പൊതുമരാമത്ത് മാന്വലിലോ പി.ഡബ്യു.ഡി. കോഡിലോ പരാമർശമില്ലാത്ത 'ബിൽ ഓഫ് കോസ്റ്റ്' വ്യവസ്ഥയിൽ പ്രവർത്തി ചെയ്തതായി കണ്ടെത്തി. |
| (ബി) | സർക്കാരിന് എത്ര കോടി രൂപയുടെ നഷ്ടമാണ് സംഭവിച്ചതെന്ന് പ്രസ്തുത പരിശോധനയിലൂടെ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കഴക്കൂട്ടം വനിതാ ഐ.ടി.ഐ.-ലെ ടോയിലറ്റിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ചെയ്യാത്ത പ്രവർത്തികൾ ചെയ്തതായി വരുത്തി രേഖകൾ ചമച്ച് സർക്കാരിനെ കബളിപ്പിച്ചതുവഴി 2,18,845/- (രണ്ട് ലക്ഷത്തി പതിനെട്ടായിരത്ത് എണ്ണൂറ്റി നാല്പത്തി അഞ്ച് രൂപ മാത്രം)രൂപ നഷ്ടം സംഭവിച്ചു എന്ന് കണ്ടെത്തിയിട്ടുണ്ട്. 2011-2012 സാമ്പത്തിക വർഷം മുതൽ ടെൻഡർ നടപടികൾ പാലിക്കാതെ |

| | | | |
|---|---|---|---|
| | | | വേവിങ് ഓഫ് ടെൻഡർ കോൾ പ്രകാരം 21,09,87,089/- രൂപയുടെ പ്രവർത്തികൾ നടപ്പിലാക്കിയതിലൂടെ സർക്കാരിന് വൻ സാമ്പത്തിക നഷ്ടമുണ്ടായി. |
| (സി) | പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ ശിപാർശപ്രകാരം വിജിലൻസ് ആന്റ് ആൻറി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം പൂർത്തിയായിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (സി) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ